(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മാനവീയം പരിപാടി

5 (*126) ശ്രീ. തോമസ് ചാഴിക്കാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് രൂപം നൽകിയ 'മാനവീയം' പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(ബി) ഈ പരിപാടിക്കുവേണ്ടി എന്തു തുകയാണ് വകയിരുത്തിയിരിക്കുന്നതെന്നും എന്തു തുക നാളിതുവരെ ചെലവഴിച്ചുവെന്നും വിശദമാക്കാമോ ;

(സി) മാനവീയം പരിപാടിയുടെ പേരിൽ സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ ഓരോന്നും ഇതുവരെ എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട് ;

(ഡി) ഈ വകുപ്പുകളോരോന്നും ഇതിനുവേണ്ടി ഇതുവരെ എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട് ;

(ഇ) "മാനവീയം പരിപാടി"യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ)

(എ) പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുന്നതിനോടൊപ്പം കലാസാംസ്ക്കാരിക രംഗത്ത് ഒരു പുത്തൻ ഉണർവ് ഉണ്ടാക്കാനും നാടൻ കലകൾക്ക് പ്രോത്സാഹനം നൽകുവാനും വിവിധ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏറ്റെടുത്ത് നടത്തുന്ന വികസന പരിപാടികൾക്ക് പ്രത്യേകിച്ചു പാർപ്പിടം, കുടിവെള്ളം, പരിസരാരോഗ്യം എന്നീ രംഗങ്ങളിൽ ഗതിവേഗം വർദ്ധിപ്പിക്കാനും ജനകീയ പങ്കാളിത്തം ഉറപ്പാക്കാനും ആവശ്യമായ ബോധവൽക്കരണ പ്രചരണ പരിപാടികൾ നടപ്പാക്കുകയുമാണ് ഉദ്ദേശലക്ഷ്യങ്ങൾ.

(ബി) മാനവീയം സാംസ്ക്കാരിക മിഷന് ഒന്നരക്കോടി രൂപ നൽകിയിട്ടുണ്ട്. ഇതിൽ 148 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) മാനവീയം പരിപാടികൾ നടപ്പാക്കുന്നതിന് ഒരു വകുപ്പിനും പ്രത്യേക തുകയോ, ടാർജെറ്റോ നൽകിയിട്ടില്ല. ജില്ലകളിൽ പരിപാടികൾ നടപ്പാക്കുന്നതിന് ജില്ലാ കളക്ടറുടെയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റേയും നേതൃത്വത്തിൽ കോ ഓർഡിനേഷൻ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കമ്മിറ്റികളുടെ പ്രവർത്തനഫലമായി ആരോഗ്യം സാംസ്കാരികം, കലാ-കായികം, സ്ത്രീ സമത്വം, പൗരധർമ്മം സാക്ഷരത, സമ്പൂർണ ശുചിത്വം, നേതൃത്വപരിശീലന ക്യാമ്പ്

LIBRARY ARCHIVES Kerala Legislative Assembly

മദ്യം, മയക്കുമരുന്ന് ഇവയ്ക്കെതിരെയുള്ള വിഷയങ്ങളിൽ ചർച്ച, സിംപോസിയം തുടങ്ങിയവ നടത്തി. ഒറീസയിലെ പ്രകൃതിക്ഷോഭം മൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിന് ധനം, മരുന്ന്, വസ്ത്രം ഇവ സമാഹരിച്ചു നൽകി. വിവിധ വിഷയങ്ങളിൽ പ്രഗത്ഭരായവരെക്കൊണ്ട് സെമിനാറുകളും ചർച്ചാ ക്ലാസുകളും നടത്തി.

(ഡി) ഓരോ വകുപ്പിന്റെയും ബഡ്ജറ്റ് അലോട്ട്മെന്റിൽ ഇതിനായി പ്രത്യേക തുക വകയിരുത്തിയിട്ടില്ല.

(ഇ) കല, സംസ്കാരം, ചിത്രരചന തുടങ്ങിയ വിവിധ മേഖലകളിൽ നടത്തിയ പരിപാടികൾ ശ്രദ്ധേയങ്ങളായിരുന്നു. കലാ സാംസ്കാരിക രംഗത്ത് ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കുക എന്ന ലക്ഷ്യം കൈവരിച്ചു. പുസ്തക പ്രകാശനവും പ്രദർശനവും വിൽപ്പനയും വിവിധ പരിപാടികൾ ഉൾപ്പെടുത്തി കൊണ്ടുള്ള കലോൽസവങ്ങൾ, സംഗീത നൃത്തപരിപാടികൾ ജനകീയ ചലച്ചിത്ര പ്രദർശനങ്ങൾ, നാടകോൽസവങ്ങൾ, ചിത്രരചന, സെമിനാറുകൾ, പ്രഭാഷണങ്ങൾ, ശിൽപ്പശാലകൾ, വികസനപ്രവർത്തനങ്ങൾ ജീവകാരുണ്യപ്രവർത്തനങ്ങൾ കലകൾ, എന്നീ മേഖലകളിൽ വൈവിദ്ധ്യമാർന്ന പരിപാടികളും അവതരിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സാമൂഹ്യക്ഷേമ ദുരിതാശ്വാസ പദ്ധതികൾക്കുള്ള തുക

6 (*127) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. യു. എസ്. ശശി :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യക്ഷേമ ദുരിതാശ്വാസ പദ്ധതികൾക്കായി എന്തു തുക ചെലവഴിച്ചു ;

(ബി) ഓരോ ഇനത്തിനും എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ജില്ലയിലും എന്തുമാത്രം തുക ഏതെല്ലാം ഇനങ്ങളിലായി വിതരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ)

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മന്ദബുദ്ധികളായിട്ടുള്ളവർക്കും അംഗവൈകല്യമുള്ളവർക്കുമായുള്ള പ്രത്യേക പെൻഷൻ പദ്ധതിയിനത്തിൽ 65.43 (അറുപത്തി അഞ്ച് ദശാംശം നാല് മൂന്ന്) കോടി രൂപയും അഗതി/വിധവാ പെൻഷൻ പദ്ധതിയിനത്തിൽ 100.03 (നൂറ് ദശാംശം പൂജ്യം മൂന്ന്) കോടി രൂപയും ദേശീയ വാർദ്ധക്യകാല പെൻഷൻ (സംസ്ഥാന വിഹിതം) ഇനത്തിൽ 11.75 (പതിനൊന്ന് ദശാംശം ഏഴ് അഞ്ച്) കോടി

LIBRARY ARCHIVES Kerala Legislative Assembly